**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3694** **11/11/2019-ന് മറുപടിക്ക്**

**മലയാളം ഭരണഭാഷയാക്കുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ**<br>**,, കെ. രാജൻ**<br>**,, ജി.എസ്. ജയലാൽ**<br>**ശ്രീമതി സി.കെ. ആശ :** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) | മാതൃഭാഷ ഭരണഭാഷ എന്ന നയം സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് 1957 ലാണ് . 1969 ൽ കേരള ഔദ്യോഗികഭാഷകൾ ആക്ട് പാസ്സാക്കി സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണസ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് 19/01/2015 തീയതിയിലെ എസ്.ആർ.ഒ. നമ്പർ 43/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് പ്രസ്തുത വിജ്ഞാപനം നിഷ്കർഷിക്കുന്നുണ്ട്. 2017 മെയ് ഒന്നു മുതൽ പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനു വേണ്ടി ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട് |
| (ബി) | മലയാളം ഭരണഭാഷയാക്കുന്ന നടപടിക്ക് ഏതെല്ലാം മേഖലകളിലും വകുപ്പുകളിലുമാണ് പ്രായോഗിക തടസ്സങ്ങൾ ഉള്ളതെന്നറിയിക്കുമോ; | (ബി) | കോടതിവ്യവഹാരങ്ങളുമായി ബന്ധപ്പെട്ട നടപടികളിലും ,സാങ്കേതികപദങ്ങളും സാങ്കേതികവിദ്യയും ഉപയോഗിക്കുന്നതുമായ വകുപ്പുകളിലും മലയാളത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് പ്രായോഗികതടസ്സം നേരിടുന്നുണ്ട് . |

| | | | |
|---|---|---|---|
| (സി) | മാതൃഭാഷ, ഭരണഭാഷ എന്ന നയം പിൻപറ്റാത്ത ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ ഭരണഭാഷാ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ആയതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ 4/02/2006 തീയതിയിലെ സ ഉ (സാധാ) 21/2006/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**